ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ)&(ബി) ഉണ്ട്. നികുതി പിരിവ് ഊർജ്ജിതമാക്കാൻ താഴെപറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. ചരക്കുകൾ, വാഹനങ്ങൾ എന്നിവ തടഞ്ഞു നിർത്തി പരിശോധിച്ച് രേഖകൾ ഇല്ലാത്ത സാധനങ്ങൾക്ക് പിഴ ഈടാക്കുന്നു.

2. ഇൻവെസ്റ്റിഗേഷൻ ബ്രാഞ്ച്, പാഴ്സൽ ഓഫീസുകൾ, ബാങ്കുകൾ തുടങ്ങിയ സ്ഥാപനങ്ങളുടെ റിക്കാർഡുകൾ പരിശോധിച്ച് നികുതി ചോർച്ച സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നു.

3. നികുതിവെട്ടിപ്പ് സംബന്ധിച്ച് വിവരം ലഭിച്ചു കഴിഞ്ഞാൽ വ്യാപാര സ്ഥലങ്ങൾ പരിശോധിച്ച് നികുതിവെട്ടിപ്പു കണ്ടുപിടിച്ച് ചോർച്ച തടയുന്നു.

4. എല്ലാ ജില്ലകളിലും ഡെപ്യൂട്ടി കമ്മീഷണർമാർ അടക്കമുള്ള സെയിൽസ് ടാക്സ് അസസിംഗ് ആഫീസേഴ്സ് കോൺഫറൻസ് വിളിച്ചുകൂട്ടി നികുതി കുടിശ്ശിക പിരച്ചെടുക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ കൊടുക്കുന്നു.

5. വിൽപന നികുതി നിയമം 23(എ) വകുപ്പുപ്രകാരം പലിശയിൽ ഇളവു അനുവദിച്ചിട്ടുണ്ട്. ഈ വകുപ്പു പ്രകാരം കമ്പനികളും വർക്സ് കോൺട്രാക്ടർമാരും ഒഴികെയുള്ള ഡീലർമാർക്ക് 31.1.2000 നു മുൻപ് കുടിശ്ശിക അടയ്ക്കുകയാണെങ്കിൽ അവരുടെ പലിശ മുതലിനു തുല്യമായി നിജപ്പെടുത്തുകയും പലിശയുടെ 60% വരെ ഇളവ് ചെയ്തു കൊടുക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ഉണ്ട്.

(ഇ) ഉണ്ട്. ഭരണഘടനാ ഭേദഗതി നിലവിൽ വന്നിട്ടില്ലാത്തതിനാൽ ഈ നിർദ്ദേശം നടപ്പാക്കിയിട്ടില്ല.

(എഫ്) ഉണ്ട്.

(ജി) പൊതുമേഖലയിലും സ്വകാര്യ മേഖലയിലുമായി 52,000 കോടി രൂപ സമാഹരിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിൽ 26,000 കോടി രൂപ പൊതു നിക്ഷേപമായിരിക്കണം.

27 (*83) അടിസ്ഥാന സൗകര്യ വികസനത്തിന് നടപടി

ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അടിസ്ഥാന സൗകര്യ വികസനത്തിനായി ഗവൺമെന്റ് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി എത്ര രൂപ സമാഹരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്;

(സി) ഈ തുക ഏതൊക്കെ മേഖലകളിലാണ് വിനിയോഗിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിനായി പ്രത്യേക സമിതി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) സംസ്ഥാനം സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ ഗവൺമെന്റ് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) സംസ്ഥാനത്ത് അടിസ്ഥാനസൗകര്യ വികസനത്തിനായി കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കെ.ഐ.ഐ.എഫ്.ബി) രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ബോർഡ് വഴി കടപ്പത്രം മുഖേന ഫണ്ട് രൂപീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) 500 കോടി രൂപ

(സി) റോഡ്, ജലസേചനം, ശുദ്ധജലവിതരണം, ഉൾനാടൻ ജലഗതാഗതം, വൈദ്യുതി, തുറമുഖം, ചവർ സംസ്കരണം, ഡ്രെയിനേജ് എന്നീ മേഖലകളിൽ വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നു.

(ഡി) ചീഫ് സെക്രട്ടറി ചെയർമാനായിട്ടുള്ള ഒരു ബോർഡാണ് ഇത് കൈകാര്യം ചെയ്യുന്നത്.

(ഇ) ചീഫ് സെക്രട്ടറി ചെയർമാനും, സീനിയർ സെക്രട്ടറിമാരായ ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി, പൊതുമരാമത്ത് സെക്രട്ടറി, പ്ലാനിംഗ് സെക്രട്ടറി, ഇറിഗേഷൻ സെക്രട്ടറി, റവന്യൂ സെക്രട്ടറി, ധനകാര്യ റിസോഴ്സസ് സെക്രട്ടറി എന്നിവരും ബാങ്കിംഗ് വികസന മേഖലകളിൽ പ്രാവീണ്യമുള്ള നോമിനേറ്റ് ചെയ്യപ്പെട്ട രണ്ടംഗങ്ങളും അടങ്ങുന്നതാണ് ഫണ്ടിന്റെ പ്രവർത്തനത്തിന് രൂപീകരിച്ച ബോർഡ്.

(എഫ്) സാമ്പത്തിക പ്രതിസന്ധി നേരിടുന്നില്ല.

28 (*84) കർഷകർക്ക് ഇൻഷ്വറൻസ് പദ്ധതി

ശ്രീ. കെ.പി. സതീശ്ചന്ദ്രൻ :
ശ്രീ. പി. രാഘവൻ :
ശ്രീ. ടി.കെ. ബാലൻ :
ശ്രീ. സി.പി. ബാലൻവൈദ്യർ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനവ്യാപകമായി കർഷകർക്ക് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഇൻഷ്വറൻസ് പദ്ധതിയുടെ പരിധിയിൽ ഏതൊക്കെ കൃഷിക്കാരെ ഉൾപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

(സി) പദ്ധതിയുടെ സവിശേഷതകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) പദ്ധതിയുടെ പരിധിയിൽ വരുന്ന കർഷകർക്ക് നൽകാൻ ഉദ്ദേശിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly